# പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നം. *249

11.10.2011- ൽ മറുപടിയ്ക്ക്

## മെഡിക്കൽ, എഞ്ചിനീയറിംഗ് പ്രവേശന നടപടികൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തോമസ് ഉണ്ണിയാടൻ<br>ശ്രീ. റോഷി അഗസ്റ്റിൻ<br>ശ്രീ. പി. സി. ജോർജ്ജ് | | ശ്രീ. പി.കെ.അബ്ദുറബ്ബ്<br>(ബഹു. വിദ്യാഭ്യാസവകുപ്പ്മന്ത്രി) | |
| (എ) | സംസ്ഥാനത്ത് മെഡിക്കൽ, എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷകൾ സാധാരണ ഏതു മാസത്തിലാണ് നടക്കുന്നതെന്ന് അറിയിക്കുമോ ; | (എ) | എല്ലാ വർഷവും ഏപ്രിൽ മാസത്തിലാണ് പരീക്ഷ നടക്കുന്നത്. |
| (ബി) | എൻട്രൻസ് പരീക്ഷാഫലം വളരെ നേരത്തെ പ്രസിദ്ധീകരിച്ചു കഴിഞ്ഞാലും മെഡിക്കൽ, എഞ്ചിനീയറിംഗ് കോളേജുകളിലേക്കുള്ള അഡ്മിഷൻ നടപടികൾ അനന്തമായി നീളുന്ന അവസ്ഥ ഗൗരവമായി കാണുന്നുണ്ടോ ; | (ബി) & (സി) | അഡ്മിഷൻ നടപടികൾ അനന്തമായി നീളുന്ന അവസ്ഥ ഗൗരവമായി കാണുന്നുണ്ട്. സർക്കാർ സീറ്റുകളിലേക്കുള്ള അലോട്ട്മെന്റ് നടപടി ക്രമങ്ങൾ ജൂലൈ മാസം ആദ്യം തന്നെ തുടങ്ങാൻ സാധിക്കുന്നതാണ്. എന്നാൽ സ്വാശ്രയ മേഖലയിലുള്ള മെഡിക്കൽ / ഡെന്റൽ / എഞ്ചിനീയറിംഗ് / ആയുർവേദ കോഴ്സുകൾക്ക് അതാത് മാനേജ്മെന്റുകളുമായുള്ള ഫീസ്/ സർക്കാർ സീറ്റുകൾ പങ്കുവയ്ക്കൽ എന്നിവ സംബന്ധിച്ചു മാനേജ്മെന്റുകളുമായി ചർച്ച ചെയ്തു കരാറിലേർപ്പെടുന്നതിന് വരുന്ന കാലതാമസം കൊണ്ട് ഈ കോളേജുകളിലേക്കുള്ള അലോട്ട്മെന്റ് വൈകാറുണ്ട്. ഈ കാലതാമസം ഒഴിവാക്കുന്നതിനായി സ്വാശ്രയ പ്രൊഫഷണൽ കോളേജ് മാനേജുമെന്റുകളുമായി സീറ്റു പങ്കുവയ്ക്കൽ/ഫീസു നിർണ്ണയം എന്നിവ സംബന്ധിച്ച ശാശ്വതമായ ഒരു ഫോർമുല കണ്ടെത്തുന്നതിന് ഈ നിയമസഭ |
| (സി) | എങ്കിൽ, ഇതിന് എന്തു പ്രതിവിധിയാണ് സർക്കാർ ആലോചിക്കുന്നത് ; വിശദാംശങ്ങൾ നല്കുമോ ; | | |

..... മറുപുറം

| | | | |
|---|---|---|---|
| | | | സമ്മേളനം കഴിഞ്ഞയുടൻ മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ബന്ധപ്പെട്ടവരുമായി സമഗ്രമായ ചർച്ച നടത്താൻ തീരുമാനിച്ചിരിക്കുകയാണ്. |
| (ഡി) | അടുത്ത അദ്ധ്യയന വർഷം മുതൽ പ്രസ്തുത പ്രവേശന നടപടികൾ സമയബന്ധിതമായി നടപ്പാക്കുന്നതിനുള്ള ക്രമീകരണങ്ങൾ ഈ വർഷം തന്നെ പൂർത്തിയാക്കുന്നതിന് സത്വര നടപടി സ്വീകരിക്കുമോ ? | (ഡി) | നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ